## വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. വിഘ്നേശ്വരി. ഐ.എ.എസ്. )

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് –ഐ.സി.ഡി.എസ്. മാനന്തവാടി അഡീഷണൽ-അങ്കണവാടി പ്രവർത്തകരുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം -2026 ജൂൺ - അധികമായി ആവശ്യമായ തുക - അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. സ. ഉ. (സാ ധാ )നം. 263/2024 തീയതി 25/07/2024
2. സ. ഉ. (സാ ധാ )നം. 115/2024 തീയതി 16/03/2024
3. സീനിയർ ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്
4. 28/07/2026, 22/08/2026 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്
5. വയനാട് ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 24.07.2026 ലെ DWCDO/WYD/E-39/2026 നമ്പർ കത്ത്

**<u>ഉത്തരവ് നം: DWCD/1841/2026-ICDSB6 തീയതി: 07-09-2026</u>**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം 60:40 അനുപാതത്തില് കേന്ദ്ര-സംസ്ഥാന സർക്കാര് അനുവദിക്കുന്ന വേതനം, സംസ്ഥാന സർക്കാര് അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തിൽ പ്രതിമാസം അനുവദിച്ചു വരുന്നു.

വയനാട് ജില്ലയിലെ മാനന്തവാടി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലെ അങ്കണവാടി പ്രവർത്തകർക്ക് 2026 ജൂൺ മാസത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ഹോണറേറിയം നൽകുന്നതിനായി അധികമായി 14,579/- രൂപ അനുവദിക്കണമെന്ന് വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ സൂചന (5) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് മാനന്തവാടി അഡീഷണൽ പ്രോജക്ടിന് 2026 ജൂൺ മാസത്തേയ്ക്ക് അധികമായി ആവശ്യമായി വന്നിരിക്കുന്ന 14,579/- (പതിനാലായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒൻപത്) രൂപ മാത്രം 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ചുത്തരവാകുന്നു. ടി തുക വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ഐ.സി.ഡി.എസ്. മാനന്തവാടി അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർക്ക് അനുവദിച്ചു നൽകേണ്ടതാണ്.

(ഒപ്പ്)

വനിതാ-ശിശു വികസന ഡയറക്ടർ

വയനാട് ജില്ലാ വനിതാ ശിശുവികസന

ഓഫീസർ

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്
2. ഐ.സി.ഡി.എസ്. മാനന്തവാടി അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ
3. വെബ് സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്